അലങ്കാര പുഷ്പ കൃഷി വികസനം

123 (1949)ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആന്തൂറിയം, ഓർക്കിഡ് തൈകൾ ഇറക്കുമതി ചെയ്തിട്ടുണ്ടോ;

(ബി) ഇതിനുള്ള അനുമതി നൽകിയത് ആർക്കെല്ലാമാണ്;

(സി) ഇറക്കുമതി ചെയ്ത ആന്തൂറിയം, ഓർക്കിഡ് തൈകളും നാടൻ തൈകളും വഴി കേരളത്തിൽ ഉല്പാദിപ്പിക്കാൻ കഴിഞ്ഞ പൂക്കളുടെ കണക്ക് ലഭ്യമാണോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) അലങ്കാര പുഷ്പകൃഷി വികസനത്തിനായി തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ ജില്ലകൾക്കായി എത്ര കോടി രൂപയുടെ പദ്ധതിയ്ക്കാണ് തയ്യാറാക്കിയിട്ടുള്ളത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്തെ ഏതെങ്കിലും ആന്തൂറിയം ആന്റ് ഓർക്കിഡ് ഗ്രോവേഴ്സ് സൊസൈറ്റി പുഷ്പകൃഷിയെപ്പറ്റി നടത്തിയ പഠന റിപ്പോർട്ട് സർക്കാരിന് നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(എഫ്) സംസ്ഥാനത്ത് നിന്ന് എത്ര ടൺ ആന്തൂറിയവും ഓർക്കിഡും കയറ്റി അയച്ചിട്ടുണ്ട്; ഇതുവഴി എന്തു തുക പുഷ്പകൃഷിക്കാർക്ക് ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കൃഷി വകുപ്പോ, വകുപ്പുമായി ബന്ധപ്പെട്ട മറ്റു ഏജൻസികളോ ഇറക്കുമതി ചെയ്തിട്ടില്ല.

(ബി) കേന്ദ്ര ഗവൺമെന്റിൽനിന്നും അനുമതി വാങ്ങി ചില ഏജൻസികൾ ഇറക്കുമതി ചെയ്തിട്ടുണ്ട്.

(സി) ഈ വിവരം ലഭ്യമല്ല.

(ഡി) അനുയോജ്യ പ്രദേശങ്ങളിൽ പുഷ്പകൃഷി വികസനം എന്ന സംസ്ഥാന പദ്ധതി പ്രകാരം തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ 3.6 കോടി രൂപയുടെ പദ്ധതിയാണ് നടപ്പിലാക്കുന്നത്. 25 പൂകൃഷിക്കാർ വീതം അംഗങ്ങളായുള്ള 80 ഫ്ളോറി ക്ലബ്ബുകൾ രൂപീകരിക്കും. ഓരോ ഫ്ളോറിക്ലബ്ബ് രൂപീകരണത്തിനും 1000 രൂപ വീതം സഹായധനം അനുവദിക്കുന്നതും, ഓരോ അംഗത്തിനും 50% സബ്സിഡിയോടെ 1000 തൈകൾ രണ്ടുതവണയായി നൽകുന്നതും ആണ്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ മുഖേന, ഫ്ളോറികാർഡ് പദ്ധതിയിൽ അംഗമായവർക്ക് 6% പലിശ നിരക്കിൽ വായ്പാ സഹായവും അനുവദിക്കും. ക്ലബ്ബുകൾ ഉൽപ്പാദിപ്പിക്കുന്ന പൂക്കൾ ന്യായവില നൽകി സംഭരിച്ച് വിപണനം നടത്തേണ്ട ചുമതല കേരള ഹോർട്ടികൾച്ചർ പ്രോഡക്റ്റ്സ് ഡവലപ്പ്മെന്റ് കോർപ്പറേഷനെ ഏൽപ്പിച്ചിരിക്കുന്നു. പദ്ധതി സംബന്ധിച്ച വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു സംസ്ഥാന ഫ്ളോറികൾച്ചറൽ അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) ഈ വിവരം കൃഷി വകുപ്പിൽ ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly